**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** **28-02-2023 - ൽ മറുപടിയ്ക്ക്**

**ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡിന്റെ പുനരുദ്ധാരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിൽ പ്രവർത്തിച്ചിരുന്ന ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ ഏറ്റെടുത്ത് കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ്(കെ.പി.പി.എൽ.) എന്ന പേരിൽ പുനരുദ്ധാരണ പ്രവർത്തനം നടത്തുന്നതിൽ വനം വകുപ്പിന്റെ പങ്ക് വിശദമാക്കാമോ? | (എ) | കേന്ദ്ര സർക്കാർ സ്ഥാപനമായ M/sഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ് ലിമിറ്റഡ്, സംസ്ഥാന സർക്കാർ ഏറ്റെടുത്തതിന്റെ ഭാഗമായി രൂപീകരിപ്പെട്ട കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡ് (KPPL)-ന്, ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ധനകാര്യ, വ്യവസായ, വനം വകുപ്പ് സെക്രട്ടറിമാർ ഉൾപ്പെട്ട കമ്മിറ്റിയുടെ ശിപാർശ പരിഗണിച്ച് മെട്രിക് ടണ്ണിന് 500/- രൂപ നിരക്കിൽ വനാധിഷ്ഠിത അസംസ്കൃത വസ്തുക്കൾ അനുവദിക്കുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. അതിനെ തുടർന്ന് KPPL-ന് ഉത്പാദന പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനായി, അംഗീകൃത വർക്കിംഗ്പ്ലാൻ നിർദ്ദേശങ്ങൾക്ക് അനുസൃതമായി തൃശ്ശൂർ, തിരുവനന്തപുരം വനം ഡിവിഷനുകളിലെ തോട്ടങ്ങളിൽ നിന്നും 24000 മെട്രിക് ടൺ (MT) അസംസ്കൃത വസ്തുക്കൾ മെട്രിക് ടണ്ണിന് 500/- രൂപ നിരക്കിൽ ശേഖരിക്കുന്നതിന് KPPL-ന് അനുമതി നൽകിയിട്ടുണ്ട്. ഇക്കാര്യത്തിനായി, അന്തിമ കരാർ ഒപ്പുവെയ്ക്കുന്നതു വരെ, അന്തിമ കരാറിലെ ഉപാധികളും നിബന്ധനകളും പാലിച്ചുകൊള്ളാമെന്ന വ്യവസ്ഥയിൽ കേരള പേപ്പർ പ്രോഡക്ട്സ് ലിമിറ്റഡുമായി ഒരു താൽക്കാലിക കരാറിൽ ഏർപ്പെടുന്നതിന് പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ് മാനേജ്മെൻറ്) -ന് അനുമതി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ